# പാഠശേഖരം

## അറിവുകൾ

### റഹ്മാന് ഇരട്ട ഗ്രാമി



എ.ആർ. റഹ്മാന് ഇരട്ട ഗ്രാമി പുരസ്കാരം. സ്ലം ഡോഗ് മില്ല്യണയറിലെ ജയ് ഹോ എന്ന ഗാനത്തിനും പശ്ചാത്തല സംഗീതത്തിനുമാണ് പുരസ്കാരം. ഓസ്കാർ, ഗോൾഡൻ ഗ്ലോബ്, ബാഫ്റ്റ പുരസ്കാരങ്ങൾക്ക് ശേഷമാണ് റഹ്മാനെ ഗ്രാമി തേടിയെത്തിയിരിക്കുന്നത്.

### തെലുങ്കാന പഠിക്കാൻ ശ്രീകൃഷ്ണ സമിതി

ആന്ധ്രപ്രദേശ് വിഭജിച്ച് തെലുങ്കാന സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യം പഠിക്കുവാൻ സുപ്രീം കോടതി മുൻ ജസ്റ്റിസ് ബി.എൻ. ശ്രീകൃഷ്ണയുടെ നേതൃത്വത്തിൽ അഞ്ചംഗ സമിതിയെ ചുമതലപ്പെടുത്തി. ഡോ. രൺബീർ സിംഗ് (വൈസ് ചാൻസലർ, നാഷണൽ ലാ യൂണിവേഴ്സിറ്റി, ഡൽഹി), ഡോ. അബു സാലിഹ് ഷെരീഫ് (ഗവേഷകൻ, അന്താരാഷ്ട്ര ഭക്ഷ്യനയ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹി), ഡോ. രവീന്ദർ കൗർ (ഹ്യുമാനിറ്റിസ് സോഷ്യൽ സയൻസ് വകുപ്പ്, ഐ.ഐ.ടി ഡൽഹി), വിനോദ് കെ. ദുഗ്ഗൽ (മുൻ ആഭ്യന്തര സെക്രട്ടറി) എന്നിവരാണ് മറ്റ് അംഗങ്ങൾ.



ജസ്റ്റിസ് ബി.എൻ. ശ്രീകൃഷ്ണ

1956 നവംബർ ഒന്നിനാണ് ആന്ധ്രപ്രദേശ് സംസ്ഥാനം നിലവിൽ വന്നത്. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ ആദ്യ സംസ്ഥാനമാണ് ആന്ധ്രപ്രദേശ്.

### ജുംപാ ലാഹിരി ഒബാമയുടെ ആർട്സ് കമ്മിറ്റിയിൽ

ഇന്തോ– അമേരിക്കൻ എഴുത്തുകാരിയായ ജുംപാ ലാഹിരിയെ അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമയുടെ ആർട്സ് കമ്മിറ്റിയിൽ നിയമിച്ചു. പുലിറ്റ്സർ ജേതാവ് കൂടിയായ ജുംപാ ലാഹിരിയുടെ ഇന്റർപ്രെട്ടർ ഒഫ് മാലഡീസ് എന്ന കഥാസമാഹാരം സാഹിത്യ ലോകത്ത് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.



### പ്ലൂട്ടോയുടെ ചുവപ്പ് കൂടുന്നു

പ്ലൂട്ടോയുടെ ഭ്രമണം പുതിയ ഘട്ടത്തിലേക്ക് കടന്നതോടെ ചുവപ്പ് നിറം ഇരുപത് ശതമാനം കൂടിയതായി കണ്ടെത്തൽ. ഒരു ഭാഗത്ത് തിളക്കവും മറുഭാഗത്ത് ഇരുളുമാണ് പ്ലൂട്ടോയുടെ പുതിയ പ്രതിഭാസം. സൂര്യപ്രകാശം തട്ടുന്നിടത്ത് ഐസ് ഉരുകി മറുഭാഗത്ത് ഘനീഭവിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് കരുതുന്നത്. 248 വർഷം നീളുന്നതാണ് പ്ലൂട്ടോയുടെ ഭ്രമണകാലം. നാസയുടെ ബഹിരാകാശ ടെലസ്കോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് പുതിയ അറിവുകൾ പുറത്തുവിട്ടത്.

### ദുബായിൽ പുതിയ എണ്ണശേഖരം

ദുബായിലെ റാഷിദ് മേഖലയുടെ കിഴക്കുഭാഗത്തായി പുതിയ എണ്ണശേഖരം കണ്ടെത്തി. അൽ–ജലീല എന്നാണ് പുതിയ എണ്ണശേഖരത്തിന്റെ പേര്. ഒരു വർഷത്തിനകം ഉത്പാദനം ആരംഭിക്കും. നിലവിൽ പ്രതിദിനം 410000 ലിറ്ററാണ് ദുബായിയുടെ എണ്ണ ഉത്പാദനം.

### പി. 2010 എ 2 കറങ്ങിനടക്കുന്നു

ചൊവ്വയ്ക്കും വ്യാഴത്തിനുമിടയിൽ ഒരുവൻ കിടന്ന് കറങ്ങുന്നത് ശാസ്ത്രലോകത്തിന് തലവേദനയാകുന്നു. അന്യഗ്രഹങ്ങൾ കൂട്ടിയിടിച്ചുണ്ടായ അവശിഷ്ടമാണ് ഇവനെന്നാണ് ശാസ്ത്രജ്ഞരുടെ പ്രാഥമിക നിഗമനം. പി. 2010 എ 2 എന്നാണ് പുതിയ കറക്കക്കാരന് ഇട്ടിരിക്കുന്ന പേര്.

### പൊണ്ണത്തടിയൻ ഭാരം കുറച്ചു



ലോകത്തിലെ ഏറ്റവും വലിയ തടിയൻ ശസ്ത്രക്രിയയിലൂടെ 127 കിലോഗ്രാം ഭാരം കുറച്ചു. എന്നാലും ലോകത്തിലെ പൊണ്ണത്തടിയൻ എന്ന റെക്കാഡ് ഇപ്പോഴും ഭാരമായി കൂടെത്തന്നെയുണ്ട്. ശസ്ത്രക്രിയയ്ക്ക് ശേഷം 311 കിലോഗ്രാം ഭാരമുണ്ട് കക്ഷിക്ക്. ബ്രിട്ടീഷുകാരനായ പോൾ മേസണാണ് പൊണ്ണത്തടിയിലൂടെ ലോകറെക്കാഡിട്ട ഭാരിച്ച മനുഷ്യൻ. വയറ്റിൽ നടത്തിയ ശസ്ത്രക്രിയയിലൂടെയാണ് പോൾ മേസൺ 'അല്പം' ഭാരം കുറച്ചത്.

---

എസ്.എസ്.എൽ.സി പരീക്ഷയ്ക്കുള്ള റിവിഷൻ സമയമാണല്ലോ ഇത്. പാഠഭാഗങ്ങൾ പഠിച്ച് മനസ്സിലുറപ്പിക്കുന്നതിനൊപ്പം ഉത്തരക്കടലാസിൽ അവ എങ്ങനെ അവതരിപ്പിക്കുമെന്നതിനെക്കുറിച്ചും വ്യക്തമായ ഒരു ധാരണ ഈയവസരത്തിൽ മനസ്സിലുണ്ടാകണം. ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രമേ ഉത്തരമെഴുതാവൂ. ഓരോ ചോദ്യത്തിനുമുള്ള സ്കോർ അതത് ചോദ്യത്തിന് നേരെ നൽകിയിട്ടുണ്ട്. സാമൂഹ്യശാസ്ത്രത്തിലെ മാതൃകാ ചോദ്യങ്ങളും ഉത്തരസൂചികയും ഇതാ

# 'ഉത്തരമെഴുതി' പഠിക്കാം

*(ചോദ്യങ്ങളുടെ മാതൃകയും ഉത്തരങ്ങളുടെ സൂചികയും എസ്.സി.ഇ.ആർ.ടിയുടെ എസ്.എസ്.എൽ.സി ചോദ്യോത്തര മാതൃകയെയും ഉത്തര സൂചികയെയും അവലംബമാക്കിയുള്ളതാണ്)*

■ ***സൂയസ് കനാൽ പ്രതിസന്ധി അന്താരാഷ്ട്ര രാഷ്ട്രീയ രംഗത്ത് സോവിയറ്റ് യൂണിയന്റെ അന്തസ്സും സ്വാധീനവും ഏറെ ഉയർത്തി.***

***ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.***

***സ്കോർ 4***

1. സൂയസ് കനാൽ പ്രതിസന്ധി
2. ഇസ്രയേൽ ഈജിപ്ത് യുദ്ധം, അന്താരാഷ്ട്ര രംഗത്ത് പ്രതിസന്ധി (ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ)
3. സോവിയറ്റ് യൂണിയന്റെ നിലപാട് സാമ്രാജ്യത്വ ശക്തികളെ യുദ്ധത്തിൽ നിന്ന് പിൻമാറാൻ വഹിച്ച പങ്ക്.
4. ശീതസമരത്തിന് ആക്കം കൂട്ടിയതിലൂടെ ഒരു നിഗമനത്തിലെത്തിച്ചേരുന്നതിന് എങ്ങനെ സഹായിച്ചു.

(നാലു പോയിന്റുകളും ഉത്തരത്തിൽ ലഘുവായി വിവരിക്കണം. ഏതെങ്കിലും പോയിന്റ് വിട്ടുപോയാൽ ഓരോ സ്കോർ വീതം കുറയും)

■ ***ദാമു കൂട്ടുകാരനോട് പറഞ്ഞു:***

***ഈ പ്രദേശം ഫലകസീമയിലാണ് സ്ഥിതി ചെയ്യുന്നത്. ഇങ്ങനെ ഒരു നിഗമനത്തിലെത്തിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്?***

***സ്കോർ 4***

ഫലകചലനങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന ഭൂരൂപങ്ങളെയോ ഭൗമപ്രവർത്തനങ്ങളെയോ വേർതിരിച്ചറിയുന്നതിന് സഹായകമായ നാലു പോയിന്റുകൾ എഴുതുക.

■ ***ഇന്ത്യൻ വിദേശ നയം വൈദേശികമല്ല. അത് പൂർണമായും സ്വദേശീയവും ഇന്ത്യൻ യാഥാർത്ഥ്യങ്ങളിൽ വേരുറച്ചതുമാണ്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അമേരിക്കയോടും സോവിയറ്റ് യൂണിയനോടും ഇന്ത്യയ്ക്കുണ്ടായിരുന്ന ബന്ധത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുക?***

***സ്കോർ 4***

ചേരിചേരാ നയമാണ് ഇന്ത്യ പിൻതുടരുന്ന വിദേശ നയം. ഇത് വ്യക്തമാക്കുന്നതിന് ഇന്ത്യ അമേരിക്കയോടും സോവിയറ്റ് യൂണിയനോടും പുലർത്തിയ സമദൂര കാഴ്ചപ്പാട് വിലയിരുത്തുക.

1. ചേരിചേരാ നയം
2. ഇരു രാജ്യങ്ങളോടും പുലർത്തിയ സമദൂര കാഴ്ചപ്പാട്.
3. താരതമ്യം.

ഉത്തരം ഈ ക്രമത്തിൽ എഴുതുക.

■
1. ***ആകാശീയ ഛായാചിത്രങ്ങൾ***
2. ***സ്റ്റീരിയോപെയർ***
3. ***ആകാശീയ വിദൂര സംവേദനം***
4. ***ഉപഗ്രഹ സംവേദനം***

മുകളിൽ കൊടുത്തിരിക്കുന്ന നാല് പോയിന്റുകൾ ഉത്തരത്തിൽ സൂചിപ്പിക്കേണ്ട രീതിയിലുള്ള ചോദ്യങ്ങൾ പ്രതീക്ഷിക്കാം. ആകാശീയ ഛായാചിത്രങ്ങൾ ചേർത്താൽ സ്റ്റീരിയോപെയർ എന്ന് വിളിക്കാമോ എന്ന ചോദ്യത്തിന് ഉത്തരമെഴുതാൻ ആദ്യ രണ്ട് പോയിന്റുകൾ ഉത്തരത്തിൽ ആവശ്യമാണ്.

ആകാശീയ വിദൂര സംവേദനത്തിന്റെ ന്യൂനതകൾ, ഉപഗ്രഹ സംവേദനത്തിന്റെ സാധ്യതകൾ തുടങ്ങിയവ സൂചിപ്പിക്കേണ്ട അവസരങ്ങളിൽ അവസാനത്തെ രണ്ട് പോയിന്റുകൾ ആവശ്യമാണ്.

■ ***ഇന്ത്യയുടെ പൊതുകടം വർദ്ധിച്ചു. ചുവടെ സൂചിപ്പിച്ച ഘടകങ്ങളുടെ സ്വാധീനം വിശകലനം ചർച്ചചെയ്യുക***

***വിദേശവ്യാപാരം***
***ജനസംഖ്യ***
***ജനക്ഷേമ പ്രവർത്തനങ്ങൾ***
***പ്രതിരോധം***
***സ്കോർ 8***

ദേശീയ വരുമാനത്തിന്റെ മന്ദഗതിയിലുള്ള വളർച്ച, ജനസംഖ്യാ വർദ്ധന, സാമൂഹിക–പ്രതിരോധ ചെലവിലുള്ള വർദ്ധന എന്നിവ ചർച്ച ചെയ്ത് നിഗമനത്തിലെത്തണം..

■ ***ചിത്രത്തിൽ ഷേഡ് ചെയ്തിരിക്കുന്ന മാതൃക അനുസരിച്ച് മറ്റ് കളങ്ങൾ പൂർത്തിയാക്കുക. സ്കോർ 3***




1. ഗംഗയുടെ പോഷകനദി രേഖപ്പെടുത്തുക
2. കാവേരി, ഗംഗ ഇവയുടെ ഉദ്ഭവസ്ഥാനങ്ങൾ രേഖപ്പെടുത്തുക
3. കാവേരി, സിന്ധു നദികൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നതിന്

***ഫ്ളോ ചാർട്ട് പൂർത്തിയാക്കുക – സ്കോർ 2***




ഔപചാരിക സംവിധാനങ്ങൾ: പൊലീസ്, കോടതി, ജയിൽ
അനൗപചാരിക സംവിധാനങ്ങൾ: നിയമം, ബലപ്രയോഗം, അനൗപചാരിക ശിക്ഷ. സ്കോർ– ഓരോ പോയിന്റിനും അര സ്കോർ വീതം

■ ***ടൈംലൈൻ പൂർത്തിയാക്കുക, എത്തിച്ചേർന്ന നിഗമനം എഴുതുക. സ്കോർ 6***

| | | | |
|---|---|---|---|
| ***1994–*** | ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം | **(1789)** | |
| ***1948–*** | ഇംഗ്ളണ്ടിലെ അവകാശ ഉടമ്പടി | **(1689)** | |
| ***1945–*** | ആഗോള മനുഷ്യാവകാശ പ്രഖ്യാപനം | **(1948)** | |
| ***1789–*** | മാഗ്നാകാർട്ട | **(1215)** | *ശരി ഉത്തരം ബ്രാക്കറ്റിൽ. ഓരോന്നിനും ഒരു സ്കോർ വീതം* |
| ***1689–*** | ഐക്യരാഷ്ട്ര സഭയുടെ രൂപീകരണം | **(1945)** | |
| ***1215–*** | മനുഷ്യാവകാശ സംരക്ഷണ നിയമം | **(1994)** | |

■ ***ഇന്ത്യയുടെ ഭൂപടത്തിൽ താഴെ പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തുക***

***എ. ഭിലായി***
***ബി. തൂത്തുക്കുടി***
***സി. ആരവല്ലി***
***ഡി. മഹാനദി***
***ഇ. ബംഗാൾ ഉൾക്കടൽ മുതൽ ഹിമാലയം വരെ വ്യാപിച്ചിരിക്കുന്ന സംസ്ഥാനം***
***എഫ്. ദക്ഷിണ റെയിൽവെയുടെ ആസ്ഥാനം***

ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക. ഇവ ഓരോന്നും ഏതൊക്കെ ഭൂവിഭാഗത്തെയാണ് സൂചിപ്പിക്കുന്നതെന്ന് തിരിച്ചറിയുക. ***സ്കോർ 6***

■ ***നിർബന്ധിത കുടിയേറ്റം, ആകർഷിത കുടിയേറ്റം എന്നിവ വ്യക്തമാക്കുക. ഉദാഹരണങ്ങൾ സഹിതം കുറിപ്പെഴുതുക.***

പരിസ്ഥിതി ദുരന്തങ്ങൾ(ഭൂകമ്പം, വെള്ളപ്പൊക്കം, സുനാമി തുടങ്ങിയവ), രാഷ്ട്രീയ അരക്ഷിതാവസ്ഥ (ഭരണകൂടങ്ങൾക്ക് അഹിതമാകുന്ന അവസ്ഥ), പകർച്ചവ്യാധികൾ, മതപരമായ അരക്ഷിതാവസ്ഥ (മതസംഘർഷങ്ങൾ, വിവേചനം) തുടങ്ങിയ കാരണങ്ങൾ മൂലം മനുഷ്യർ സ്വദേശം വിട്ട് മറ്റ് സുരക്ഷിത താവളങ്ങൾ തേടുന്നു. ഇവയാണ് നിർബന്ധിത കുടിയേറ്റം.

കൂടുതൽ മികച്ച തൊഴിലവസരങ്ങൾ, വിഭവങ്ങൾ കണ്ടെത്താൻ, മികച്ച ജീവിത സാഹചര്യങ്ങൾ തേടി, ഉന്നത വിദ്യാഭ്യാസ– ചികിത്സാ, അനുയോജ്യമായ കാലാവസ്ഥ തുടങ്ങിയ ഘടകങ്ങൾ ജനങ്ങളെ സ്വദേശം വിട്ട് മറ്റ് സ്ഥലങ്ങളിലേക്ക് ചേക്കേറാൻ പ്രേരിപ്പിക്കുന്നു. ഇതാണ് ആകർഷിത കുടിയേറ്റം.

വംശീയ സംഘർഷത്തെ തുടർന്ന് ശ്രീലങ്കയിൽ നിന്ന് തമിഴ് വംശജർ ഇന്ത്യയിലേക്ക് താമസം മാറ്റുന്നത്, വിഷവാതക ദുരന്തം മൂലം ഭോപ്പാലിൽ നിന്ന് ജനങ്ങൾ ഇന്ത്യയിലെ തന്നെ മറ്റ് സ്ഥലങ്ങളിലേക്ക് പലായനം ചെയ്തത് തുടങ്ങിയവയാണ് നിർബന്ധിത കുടിയേറ്റത്തിന്റെ ഉദാഹരണം. ഗൾഫ് മേഖലകളിലേക്ക് തൊഴിൽ തേടി മലയാളികളുടെ ചേക്കേറൽ, ഇന്ത്യയിലെ വിഭവങ്ങൾക്കായി യൂറോപ്യൻമാർ ഇവിടെയെത്തി തമ്പടിച്ചതും മറ്റും ആകർഷിത കുടിയേറ്റത്തിന് ഉദാഹരണങ്ങളാണ്.

***ചോദ്യം മാതൃക:***

***ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന നിർബന്ധിത കുടിയേറ്റങ്ങളെക്കുറിച്ചുള്ള നിരവധി വാർത്തകൾ പത്രങ്ങളിലൂടെ നാം അറിയുന്നുണ്ട്. ഇത്തരം കുടിയേറ്റങ്ങളും അവയുടെ കാരണങ്ങളും ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുക.***

■ ഐക്യരാഷ്ട്ര സംഘടനയെക്കുറിച്ചും ഏതാനും യു.എൻ ഏജൻസികളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടാക്കുക

***ചോദ്യം മാതൃക:***

***പത്രവാർത്തകൾ ശ്രദ്ധിക്കൂ:***

***അഞ്ച് ലക്ഷം ഇറാക്കികൾ യുദ്ധക്കെടുതിക്ക് ഇരയാകും – യൂണിസെഫ്***

***ആശുപത്രികളെ ആക്രമിക്കരുത് – ലോകാരോഗ്യ സംഘടന***

***വെടിനിറുത്തലിന് സാധ്യതയില്ല.***

***സമാധാനകാംക്ഷികൾ ഭയപ്പെട്ടത് തന്നെ സംഭവിച്ചു; ഇറാക്കിനെതിരെ അമേരിക്ക യുദ്ധം തുടങ്ങി***

***മുകളിൽ സൂചിപ്പിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്ര സഭ നേരിടുന്ന പ്രതിസന്ധി ചർച്ച ചെയ്യുക. ഏതെങ്കിലും നാല് യു.എൻ ഏജൻസികളുടെ പ്രവർത്തനം സമകാലിക ലോക പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.***

■ ***പ്രതിരോധപരമായ ദേശീയത, ആക്രമണപരമായ ദേശീയത എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുക. ഉദാഹരണങ്ങൾ സഹിതം കുറിപ്പുകൾ തയ്യാറാക്കുക***

ദുർബല രാജ്യങ്ങളെ ആക്രമിച്ച് കോളനികളാക്കി ചൂഷണം ചെയ്യുന്നതും സൈനികമായി കീഴടക്കി രാഷ്ട്രീയ നിയന്ത്രണം ഏർപ്പെടുത്തുന്നതുമാണ് ആക്രമണപരമായ ദേശീയത. ബ്രിട്ടൻ, ഫ്രാൻസ്, പോർച്ചുഗൽ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങൾക്ക് മേൽ നടത്തിയ ആക്രമണങ്ങൾ ആക്രമണപരമായ ദേശീയതയ്ക്ക് ഉദാഹരണങ്ങളാണ്.

ചൂഷണത്തിനും അസ്വാതന്ത്ര്യത്തിനുമെതിരെ കോളനി രാജ്യങ്ങളിൽ ഉയർന്നുവന്ന ദേശീയതയാണ് പ്രതിരോധപരമായ ദേശീയത. രാഷ്ട്രീയമായി കീഴടങ്ങിയതിനെത്തുടർന്ന് ദുർബല രാജ്യങ്ങൾ നടത്തുന്ന ചെറുത്തുനില്പും പ്രതിരോധപരമായ ദേശീയതയ്ക്ക് ഉദാഹരണമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം, ബോക്സർ കലാപം, കറുപ്പ് യുദ്ധം എന്നിവയും പ്രതിരോധപരമായ ദേശീയതയെ പ്രതിനിധീകരിക്കുന്നു. നാസിസം ആക്രമണപരമായ ദേശീയതയാണ്.

---

## english



കെ. ചെല്ലയ്യൻ നാടാർ
എം.എ, എൽഎൽ.ബി

# ക്ഷണം സ്വീകരിക്കൽ എങ്ങനെ?

# accept an invitation..



**IV. Polite expressions used to accept an invitation:** (ക്ഷണം സ്വീകരിക്കാനുള്ള ഭവ്യത കലർന്ന ശൈലികൾ).

1. Yes, please. Thanks.
2. I'd like to very much, thanks.
3. I'd love to, thanks.
4. Thank you, with pleasure.
5. What a splendid idea! Thanks.
6. Yes, OK. What time?
7. Sure. That's a good idea. Thanks for asking me.
8. Certainly/ of course. Thanks.
9. That sounds great/good. Thanks.
10. I wouldn't say no. Thanks.
11. Thank you very much. That would be very nice.
12. I'd be delighted. Thanks.

V. **Polite expressions used to refuse an invitation.** (ക്ഷണം നിരസിക്കാനുള്ള ശൈലികൾ).

ക്ഷണം നിരസിക്കുമ്പോൾ I'm, sorry, I'm afraid എന്നിവ ചേർക്കണം. ഒരു കാരണവും നൽകാവുന്നതാണ്. ക്ഷണത്തിന് നന്ദിയും പറയണം.

1. No, thank you. I'm sorry.
2. I'd like to come very much, but I'm afraid I can't.
3. I'm afraid I won't be able to.
4. I'm terribly sorry. I don't think I can make it.
5. I'm sorry I'll have to refuse your invitation.
6. I wish I could, but I can't. I'm sorry.
7. I don't think I can. Sorry.
8. What a pity! I shan't be able to come. Sorry.
9. I'm sorry I can't.
10. That's very kind of you but I can't make it. Sorry.
11. Sorry. I'm afraid I'm not free.

**ക്ഷണം നിരസിക്കുന്നത് വിനയപൂർവമാകണമെങ്കിൽ ഒരു കാരണം നൽകേണ്ടിവരും. ചുവടെ കൊടുത്തിട്ടുള്ള കാരണങ്ങൾ ശ്രദ്ധിക്കുക.**

1. I'm tied up on Monday.

-tied up=busy /engaged/ preoccupied.

(തിങ്കളാഴ്ച ഞാൻ തിരക്കിലാണ്/ മറ്റ് കാര്യങ്ങളിൽ വ്യാപൃതനാണ്.

2. I'm otherwise engaged today. (എനിക്കിന്ന് മറ്റ് ജോലികളുണ്ട്.)
3. I've a previous/ prior engagement. (എനിക്ക് മുൻ നിശ്ചയിച്ച ഒരു പരിപാടിയുണ്ട്).
4. I'm booked up. (വേറെ ചില കാര്യങ്ങൾ ചെയ്യാനുണ്ട്).
5. I've got a tight/ hectic (= very busy) schedule today. (എനിക്കിന്ന് തിരക്കേറിയ ഒരു ഷെഡ്യൂൾ ആണുള്ളത്).
6. I'm too busy today. (ഞാനിന്ന് വലിയ തിരക്കിലാണ്).
7. I'm working late this evening. (ഇന്ന് എനിക്ക് ഓഫീസ്/ കമ്പനിസമയം കഴിഞ്ഞും ജോലി ചെയ്യേണ്ടിയിരിക്കുന്നു).
8. I've a lot on my plate. (ഞാൻ മറ്റു കാര്യങ്ങളിൽ വ്യാപൃതനാണ്).
9. I've my hands full. (ഞാൻ മറ്റു കാര്യങ്ങളിൽ വ്യാപൃതനാണ്).
10. I have many pressing things to deal with. (അടിയന്തരമായി പല കാര്യങ്ങളും ചെയ്യാനുണ്ട്).
11. I've got a very busy timetable this week. (എനിക്ക് ഈയാഴ്ചയിൽ നേരത്തെ നിശ്ചയിച്ച പല പരിപാടികളുമുണ്ട്).

മുകളിൽ കൊടുത്തിട്ടുള്ള വാക്യങ്ങളോടൊപ്പം I can't make it today. What about tomorrow?, I can't manage today. What about tomorrow?, May be another time, some other time, perhaps എന്നീ വാചകങ്ങൾ കൂടി ഉപയോഗിക്കാവുന്നതാണ്.

ഇനി നാം പഠിച്ച ചില expressions ഉപയോഗിച്ചുള്ള സംഭാഷണം ശ്രദ്ധിക്കുക. ഇവിടെ നിങ്ങൾ (ലാൽ) പരീക്ഷയിൽ വിജയിച്ചതിന്റെ പേരിൽ നടത്താനുദ്ദേശിക്കുന്ന ഒരു പാർട്ടിയിലേക്ക് അജയ്, വിജയ്, ആശ എന്നീ സുഹൃത്തുക്കളെ ക്ഷണിക്കുന്നു.

*You:* Hi, friends, I've some good news for you.
*Ajay* : Good news? What's it?
*You* : I've passed my exam.
*Ajay* : Oh, have you? Congratulations!
*You* : Thanks.
*Vijay* : Your mother told me this morning that you passed the exam with very high marks. Let me congratulate you, Lal.
*You*, Thanks, Vijay.
*Asha* : You've done it again. Lal. Warm Congratulations! Keep it up.
*You* : Thank you, Asha. Are you doing anything tomorrow evening, friends?
*Ajay* : No, I've got no plans. Why? Are you giving a party?
*You* : Yes, Ajay. Would you like to come?
*Ajay* : Certainly. That sounds great. Thanks for the invitation.
*You* : What about you, Vijay? Won't you join us?
*Vijay* : Ofcourse. I'd love to very much. Thanks for asking me. By the way, What time is the party?
*You* : Between 4 pm and 6 pm. But you can take your own time.
*Vijay* : That's splendid. I'll be there in goodtime. Thanks.
*You* : I was wondering if you would join us,
Asha. Bring your little sister along, won't you?
*Asha* : I'm very sorry, Lal. I'll have to take a rain check on that. It's my mother's birthday tomorrow. Any way, thanks for the invite. I hope you'd have a really nice party.
*You* : That's all right, Asha. Thanks. Now, friends, see you tomorrow evening.

Note: I'll have to take a rain check on that - താങ്കളുടെ ക്ഷണം ഇപ്പോൾ സ്വീകരിക്കാൻ നിർവാഹമില്ല, മറ്റൊരവസരത്തിലാകാം.

invite (n) = an invitation, eg, to a party (informal).